# യൂണിറ്റ് : 12

# സമാധാനവും സുരക്ഷിതത്ത്വവും അന്തർദേശീയ സംഘടനകളിലൂടെ

1. ഐക്യരാഷ്ട്രസംഘടനയുടെ ഒരു ഘടകമാണ് പൊതുസഭ. മറ്റ് നാല് ഘടകങ്ങളുടെ പേരെഴുതുക? 4 സ്കോർ

---

2. സർവ്വരാഷ്ട്രസഖ്യത്തിന് അതിന്റെ ദൗത്യം പൂർത്തീകരിക്കാനായോ? വിലയിരുത്തുക? 3 സ്കോർ

---

3. ഐക്യരാഷ്ട്രസംഘടനയുടെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങളെഴുതുക. അവ പൂർത്തിയാക്കുന്നതിന് കഴിയുന്നുണ്ടോ? ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് പ്രതികരണമെഴുതുക? 4 സ്കോർ

---

4. യു.എൻ.ന്റെ വീറ്റോ അധികാരം സംഘടനയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ടോ? 2 സ്കോർ

---

5. ഐക്യരാഷ്ട്രസംഘടനയുടെ പരിമിതികൾ കണ്ടെത്തി അവ മറികടക്കുന്നതിനുള്ള മൂന്ന് നിർദ്ദേശങ്ങളെഴുതുക? 4 സ്കോർ

---

6. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ യു. എൻ. ന്റെ ഏതെങ്കിലും രണ്ട് ഇടപെടലുകൾ എഴുതുക? 2 സ്കോർ

---

7. എന്തുകൊണ്ടാണ് യു. എൻ. കാലാവസ്ഥാവ്യതിയാനവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും മുഖ്യ അജണ്ടയായി സ്വീകരിച്ച് ചർച്ച ചെയ്യുന്നത്? 2 സ്കോർ

---

8. ചുവടെ കൊടുത്തിരിക്കുന്ന യു.എൻ. പ്രവർത്തനങ്ങൾ ഏതേതുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തി യോജിപ്പിക്കുക?

| | | |
|---|---|---|
| ലോകവ്യാപാര രംഗത്ത് അംഗരാജ്യങ്ങളുടെ വാണിജ്യം | - | CTITF |
| പരിസ്ഥിതി സംരക്ഷണവും വികസനവും | - | GATT |
| ഭീകരവാദവിരുദ്ധ പ്രവർത്തനം | - | ബ്രട്ട്ലാന്റ് കമ്മീഷൻ |

3 സ്കോർ

---

9. ലോകരാജ്യങ്ങളുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര അന്തർ ഗവൺമെന്റ് സംഘടനകളും അന്താരാഷ്ട്ര ഗവൺമെന്റിതര സംഘടനകളും പ്രവർത്തിക്കുന്നതായി കാണാം. ഇവ തമ്മിലുള്ള വ്യത്യാസമെന്ത്? ഇരു സംഘടനയ്ക്കും ഓരോ ഉദാഹരണമെഴുതുക? 4 സ്കോർ

---

10. ഗവൺമെന്റ് ഇതര സംഘടനകൾ, ലോകത്തെ ഏതെല്ലാം പ്രശ്നങ്ങളിലാണ് ഇടപ്പെട്ട് പ്രവർത്തിക്കുന്നത്? 1 സ്കോർ

---

11. സർവ്വരാഷ്ട്രസഖ്യത്തിന്റെ ലക്ഷ്യങ്ങളുടെ തുടർച്ച തന്നെയാണ് ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനങ്ങളും ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങൾ എഴുതുക? 4 സ്കോർ

---

12. ഐക്യരാഷ്ട്രസംഘടനയുടെ പിറവിയുമായി ബന്ധപ്പെട്ട സംഭവങ്ങളും വർഷങ്ങളും കാലഗണന ക്രമത്തിൽ എഴുതുക?

| സംഭവങ്ങൾ | വർഷങ്ങൾ |
|---|---|
| ഐക്യരാഷ്ട്രസംഘടന നിലവിൽ വന്നു | 1943 |
| സമാധാനത്തിനായി ഒരു സംഘടന എന്ന ലക്ഷ്യവുമായി മോസ്കോ കോൺഫറൻസ് ചേർന്നു | 1945 |
| ഡംബർട്ടൺ ഓക്സ് സമ്മേളനം | 1942 |
| അറ്റ്ലാന്റിക് ചാർട്ടർ | 1944 |
| വാഷിംഗ്ടൺ സമ്മേളനം | 1941 |

5 സ്കോർ

13. ഐക്യരാഷ്ട്രസംഘടനയുടെ ഘടനയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് സുരക്ഷാസമിതിക്കാണ് എന്നു പറയാൻ കാരണമെന്ത്? വീറ്റോ പവർ അടക്കമുള്ള രക്ഷാസമിതിയുടെ അധികാരങ്ങൾ സംബന്ധിച്ച കുറിപ്പു തയാറാക്കുക? 3 സ്കോർ

14. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഐക്യ രാഷ്ട്രസംഘടനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തി കുറിപ്പു തയാറാക്കുക? 3 സ്കോർ

15. ശീതസമരം അവസാനിക്കുകയും ഇരുചേരികൾ ഇല്ലാതാകുകയും ചെയ്ത പുതിയ ലോകസാഹചര്യത്തിൽ ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തിയെന്ത്? 3 സ്കോർ

16. ഐക്യരാഷ്ട്രസംഘടനയുടെ പരിമിതികൾ എന്തെല്ലാം? 3 സ്കോർ

17. യു.എൻ. പ്രത്യേക ഏജൻസികളുമായി ബന്ധപ്പെട്ടു താഴെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക?

| സംഘടന | പ്രവർത്തനം |
|---|---|
| ഭക്ഷ്യകാർഷിക സംഘടന | ................................................... |
| ................................................... | പകർച്ചവ്യാധികളും മറ്റ് മാരക രോഗങ്ങളും തടയുക |
| ................................................... | ലോകസമ്പദ് വ്യവസ്ഥയ്ക്ക് സുസ്ഥിരത കൈവരിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ |
| അന്താരാഷ്ട്ര ആണവ ഊർജ്ജസംഘടന | |

3 സ്കോർ